# പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 768** — **12/12/2012 ൽ മറുപടിക്ക്**

## കാരുണ്യാ ഫാർമസി സെന്ററുകൾ

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. വർക്കല കഹാർ

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാരുണ്യാ ഫാർമസി സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) | മരുന്നു വിപണിയിലെ ചൂഷണങ്ങൾക്ക് അറുതി വരുത്തുന്നതിനായി ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മരുന്നു കമ്പനികളിൽ നിന്നും നേരിട്ട് മരുന്നു വാങ്ങി സംഭരിച്ച് വളരെ വിലക്കുറവിൽ ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ളവ, പ്രത്യേകിച്ച് വിപണിയിൽ ഏറ്റവും അധികം ചൂഷണം നടത്തപ്പെടുന്ന സ്പെഷ്യാലിറ്റി മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങുന്നത്. ഇതിന്റെ പ്രാരംഭമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ഒ.പി. ബ്ലോക്കിനു സമീപം 2012 ജനുവരിമാസത്തിൽ പ്രവർത്തനമാരംഭിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ ഫാർമസികൾ പൊതുവിപണിയിലുള്ളതിനേക്കാൾ വളരെ കുറഞ്ഞ വിലയിൽ (20% മുതൽ 90% വരെ) എല്ലാ ബ്രാൻഡഡ് മരുന്നുകളും ലഭ്യമാണ്. 35 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കാൻ തിരുമാനിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകളിലും |

| | | | |
|---|---|---|---|
| | | | ജില്ലാ ജനറൽ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിലും ഈ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു. |
| (ബി) | സംസ്ഥാനത്തെ ഏതെല്ലാം തരം ആശുപത്രികളിലാണ് ഈ സെന്ററുകൾ പ്രവർത്തിക്കുന്നത് ; | (ബി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വ്യാപിപ്പിക്കുന്നതിന്റെ ആദ്യ പടിയായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും, കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിലും ആയി രണ്ട് ഔട്ട്ലെറ്റുകൾ പ്രവർത്തിച്ചു വരുന്നു. |
| (സി) | ഈ സെന്ററുകൾ വഴി എത്ര ശതമാനം വിലക്കുറവിലാണ് മരുന്നുകൾ വിൽക്കുന്നത് ; | (സി) | 20% മുതൽ 90% വരെ വിലക്കുറവിലാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന മരുന്നുകൾ വിൽക്കുന്നത് |
| (ഡി) | ആരുടെ നേതൃത്വത്തിലാണ് ഇത്തരം ഫാർമസികൾ പ്രവർത്തിക്കുന്നത് ? | (ഡി) | പൂർണ്ണമായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നേതൃത്വത്തിലാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ